മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ദൈവകൃപയാൽ

സുൽത്താൻ ബത്തേരി ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്താ

ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസിൽ നിന്നും

No. 35/2026

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും സഹവികാരിമാരും ദേശത്ത് പട്ടക്കാരും പള്ളി കൈസ്ഥാനികളും വിശേഷാൽ വി. മദ്ബഹാ ശുശ്രൂഷകരും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരേ,

നമ്മുടെ ആരാധനാ കൗദാശീക ജീവിതത്തിൽ വൈദീകരോടൊപ്പം നിസ്തുലമായ ഒരു പങ്ക് വഹിക്കുന്നവരാണല്ലോ ഇടവകയിലെ പ്രധാന ശുശ്രൂഷകർ. വി. മദ്ബഹായിലെ പ്രധാന ശുശ്രൂഷകർ എന്ന നിലയിൽ അവരുടെ സേവനം ഒരു ഇടവകയ്ക്ക് ഒഴിച്ചുകൂടുവാൻ കഴിയാത്തതാണ്. നാളിതുവരെ ഓരോ ഇടവകയും അവരെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്നത് നന്ദിയോടെ ഓർക്കുന്നു. മാറിവരുന്ന സാമ്പത്തീക പശ്ചാത്തലത്തിൽ അവരുടെ സേവനത്തിന്റെ ആവശ്യം മനസ്സിലാക്കി അവരെ സാമ്പത്തീകമായി കരുതേണ്ടതും നമ്മുടെ ചുമതലയാണ്. പലരുടെയും ജീവിതത്തിന്റെ പ്രധാന വരുമാനം ഇടവകകളിൽനിന്നും ലഭിക്കുന്ന വേതനം മാത്രമാണ്. നമ്മുടെ ഭദ്രാസനത്തിന്റെ ഭൂപ്രകൃതികൂടി പരിഗണിക്കുമ്പോൾ അവരെ അൽപ്പംകൂടി സാമ്പത്തീകമായി കരുതേണ്ടതുണ്ട് എന്ന് നമുക്ക് മനസ്സിലാകുന്നു. ഇടവകയുടെ പെരുന്നാൾ, ആണ്ടടക്കമുള്ള സഭാപെരുന്നാളുകൾ, ശവസംസ്ക്കാരം, ഓർമ്മകുർബ്ബാന, ആദിയായവ നിർവഹിക്കുമ്പോൾ ഉചിതമായ വേതനം നൽകി അവരെ കരുതേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ആകയാൽ ഓരോ ഇടവകയും അവിടെ സേവനമനുഷ്ഠിക്കുന്ന പ്രധാന ശുശ്രൂഷകരുടെ സാമ്പത്തികനില മനസ്സിലാക്കി അൽപ്പംകൂടി സാമ്പത്തികസഹായം നൽകി അവരെ ചേർത്ത് നിർത്തണം.

16/12/2025-ന് കമ്മന സെ ജോർജ് താബോർ പള്ളിയിൽ നമ്മുടെ അധ്യക്ഷതയിൽ കൂടിയ ഭദ്രാസനത്തിലെ പ്രധാന ശുശ്രൂഷകരുടെ യോഗത്തിൽ വച്ച് തെരെഞ്ഞെടുത്ത താഴെപറയുന്നവരെ ഭദ്രാസന ശുശ്രൂഷക സംഘത്തിന്റെ (AMOSS) ഭാരവാഹികളായി അംഗീകരിച്ച് ഇനിയൊരു കൽപ്പനയുണ്ടാകുന്നതുവരെയ്ക്കും നാം നിയമിച്ചിരിയ്ക്കുന്നു.

ഭദ്രാസന സെക്രട്ടറി: എൽദോ പി.പി. (ചീങ്ങേരി സെ. മേരീസ് – Mob: 9656584395)

ഡിസ്ട്രിക്ട് ഓർഗനൈസർമാർ

മീനങ്ങാടി: ജോസ് സി.കെ. (അമ്പലവയൽ സെ. ജോർജ് – Mob: 9711194384)

ബത്തേരി: ഷിബു കുര്യൻ (സുൽത്താൻ ബത്തേരി സെ. മേരീസ് കത്തീഡ്രൽ - Mob: 9496977388)

മാനന്തവാടി: ജോമോൻ പി. (മാനന്തവാടി സെ. തോമസ് – Mob: 9961621116)

കേളകം: ഷാജു മേനാച്ചേരി (കേളകം സെ തോമസ് ശാലേം – Mob: 9495101028)

കിളിയന്തറ: ബിബിൻ കെ.ബി. (അമേരിക്കൻപാറ സെ. ജോർജ് – Mob: 8848693665)

തെരെഞ്ഞെടുക്കപ്പെട്ടവർ ചുമതലപ്പെട്ടവരുടെ നിർദ്ദേശങ്ങൾ അനുസരിച്ച്, ദൈവനാമമഹത്വത്തിനായി ഇടവകകളിൽ സേവനം അനുഷ്ഠിക്കേണ്ടതാണ്. ഭദ്രാസന ശുശ്രൂഷകസംഘത്തിന്റെ സെക്രട്ടറിയായി പ്രവർത്തിച്ച ശ്രീ. ബാബു പള്ളിപ്പാട്ടിനോടുള്ള നന്ദി രേഖപ്പെടുത്തുന്നു.

ഈ കൽപ്പന 2026 ഏപ്രിൽ മാസം 01-ാം തീയ്യതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

ശേഷം പിന്നാലെ, ദൈവം അനുഗ്രഹിക്കട്ടെ

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളേവരുടെയുംമേൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

Barnabas

2026 മാർച്ച് 16- ന്

നിർമ്മലഗിരി അരമനയിൽ നിന്നും ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ